**File No.AAVW11/8/2020-KPSC**

Speed Post
Fcd on 1-12-2021

"ഭരണഭാഷ-മാതൃഭാഷ"

Website:www.keralapsc.gov.in
E-mail:kpsc.psc@kerala.gov.in

Phone:0471-2546414

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

നമ്പർ :AAVW11/8/2020-KPSC

തിരുവനന്തപുരം
തീയതി:01/12/2021

പ്രേഷിതൻ

സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം.

സ്വീകർത്താവ്

വനിതാ ശിശു വികസന ഡയറക്ടർ
വനിതാ ശിശു വികസന ഡിറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം

സർ ,

വിഷയം :- നിയമനപരിശോധന-ഉദ്യോഗസ്ഥർ ഹാജരാകുന്നത്-സംബന്ധിച്ച്

സൂചന:
1) 14.12.2020 തീയതിയിലെ സ.ഉ.(പി) നമ്പർ 41/2010/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്
2) 08.07.2019 തീയതിയിലെ G.O.(Ms) No.133/2019/GAD നമ്പർ സർക്കാർ ഉത്തരവ്
3) താങ്കളുടെ 09/08/2021 തിയ്യതിയിലെ WCD -E 3 (1 ) -2453 / 2020 നമ്പർ കത്ത്

*********

സൂചന (1) ലെ ഉത്തരവ് പ്രകാരം ഭാവിയിലുള്ള എല്ലാ പി എസ് സി നിയമനങ്ങളിലും പി എസ് സി യുടെ വെരിഫിക്കേഷൻ റിപ്പോർട്ട് കൂടി വാങ്ങിയ ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് ഉത്തരവായിരുന്നു. സർവ്വീസ് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുന്നതിന് മുന്നോടിയായി , താങ്കളുടെ ഓഫീസിൽ ജോലി ചെയ്യുന്നതും സർവ്വീസ് റെഗുലറൈസ് ചെയ്യപ്പെടേണ്ടതുമായ 26 ഉദ്യോഗസ്ഥരുടെ സർവ്വീസ് വെരിഫിക്കേഷൻ 13.12.2021 തീയതിയിൽ നടത്തുവാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. വെരിഫിക്കേഷൻ സമയക്രമം ഈ കത്തിനോടൊപ്പം ഉൾപ്പെടുത്തുന്നു.

ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഉള്ള ഉദ്യോഗാർത്ഥിയുടെ വിവരം താഴെ കൊടുക്കുന്നു

| Sl. No. | Name | Designation | Date of Birth | Date of verification | Time |
|---|---|---|---|---|---|
| 1 | Rakhee.R | ICDS Supervisor | 23.12.1976 | 13.12.2021 | 11.00 AM |

**ടി ഉദ്യോഗസ്ഥർക്ക് പ്രസ്തുത തീയതിയിലും സമയത്തും സർവ്വീസ് വെരിഫിക്കേഷന് വേണ്ടി പി എസ് സി യുടെ പട്ടത്തുള്ള ആസ്ഥാന ഓഫീസിൽ ഹാജരാകണമെന്ന നിർദ്ദേശം അടിയന്തിരമായി നൽകേണ്ടതാണ്.** വെരിഫിക്കേഷൻ സമയത്ത് നിയമനശിപാർശാ കത്തിലെ മേൽ വിലാസം തെളിയിക്കുന്നതിനായി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള താഴെപ്പറയുന്ന തിരിച്ചറിയൽ രേഖകളിലേതെങ്കിലും ഒന്നും, ജോലി ചെയ്യുന്ന സ്ഥാപനത്തിൽ വകുപ്പിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ള പക്ഷം ആയതും കൂടി നിർബന്ധമായും ഹാജരാക്കണമെന്ന് ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദ്ദേശം നൽകേണ്ടതാണ്. നിയമനശിപാർശാകത്തിലെ മേൽ വിലാസവും തിരിച്ചറിയൽ രേഖയിലെ മേൽവിലാസവും വ്യത്യസ്തമാണെങ്കിൽ ടി മേൽവിലാസത്തിലെ വ്യക്തി ഒരാൾ തന്നെയെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഉദ്യോഗസ്ഥർ /വില്ലേജ് ഓഫീസർ നൽകിയത് ) ഹാജരാക്കണമെന്നും കൂടി നിർദ്ദേശം നൽകേണ്ടതാണ്

1. ഇലക്ഷൻ കമ്മീഷൻ നൽകിയ വോട്ടർ ഐഡന്റിറ്റി കാർഡ്
2. ദേശസാൽകൃത ബാങ്കുകൾ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക്
3. ഡ്രൈവിംഗ് ലൈസൻസ്
4. പാസ്പോർട്ട്
5. അഡ്വക്കേറ്റ് ആയി എൻറോൾ ചെയ്യുന്നവർക്ക് ബാർ കൗൺസിൽ നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്
6. സാമൂഹ്യക്ഷേമ വകുപ്പ് വികലാംഗർക്കു നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്
7. കേരള സംസ്ഥാന സർവ്വകലാശാല ജീവനക്കാർക്ക് നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്
8. വിമുക്ത ഭടൻമാരുടെ ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്/ജില്ലാ സൈനിക ക്ഷേമ ഓഫീസർ വിമുക്ത ഭടൻമാർക്ക് നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്
9. മോട്ടോർ വാഹനവകുപ്പ് നൽകുന്ന കണ്ടക്ടർ ലൈസൻസ്
10. കേന്ദ്ര ഗവൺമെന്റ് നൽകുന്ന ആധാർകാർഡ്
11. വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന ഫോട്ടോ പതിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്
12. ഷെഡ്യൂൾ ബാങ്കുകൾ/കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്/ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക്

മേൽ പറഞ്ഞ ഉദ്യോഗസ്ഥരുടെ നിയമനവുമായി ബന്ധപ്പെട്ട പി എസ് സി യുടെ നിയമനശിപാർശാ കത്തിന്റെയും നിയമന ഉത്തരവിന്റെയും നിയമനാധികാരി സാക്ഷ്യപ്പെടുത്തിയ പകർപ്പ് അയച്ചു തന്നിട്ടില്ലെങ്കിൽ വെരിഫിക്കേഷൻ തീയതിക്കു മുൻപ് ലഭിക്കത്തക്കവണ്ണം അയച്ചു തരേണ്ടതാണ്. സർവ്വീസ് ബുക്കിന്റെ പകർപ്പുകൾ പരിശോധിച്ചതിൽ ന്യൂനതകൾ കണ്ടെത്തിയ ജീവനക്കാരുടെ വിവരങ്ങൾ **Schedule**-ന്റെ **remarks** കോളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ന്യൂനത പരിഹരിച്ച് സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സർവ്വീസ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

നിയമനപരിശോധനയ്ക്കായി ജീവനക്കാരുടെ പ്രമാണങ്ങൾ അയച്ചുതരുന്നത് കർശനമായും നിയമനശിപാർശാക്രമത്തിലാകണം. ക്രമം തെറ്റിച്ച് നിയമന പരിശോധന നടത്തുന്നത് മൂലം ഉണ്ടാകുന്ന അനന്തരപ്രശ്നങ്ങളുടെ (സീനിയോറിറ്റി തർക്കം 'കോടതി വ്യവഹാരം മുതലായവ ) പൂർണ്ണ ഉത്തരവാദിത്വം

ബന്ധപ്പെട്ട വകുപ്പിനായിരിക്കും എന്ന വിവരം അറിയിക്കുന്നു.

## നിയമനപരിശോധനയ്ക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥർ COVID 19 നിർവ്യാപന /പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സ്വീകരിക്കേണ്ട മുൻ കരുതലുകൾ

1. 1. 07.06.2020 ലെ സ.ഉ.(കൈ) 112/2020/പൊ.ഭ.വ. നമ്പർ ഉത്തരവ് കൃത്യമായി പാലിച്ചുവേണം വെരിഫിക്കേഷന് ഹാജരാകേണ്ടത് എന്ന നിർദ്ദേശം വകുപ്പുമേധാവി ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ് .
2. കണ്ടെയിൻമെന്റ് സോണിലോ ഹോട്ട്സ്പോട്ടിലോ ഉൾപ്പെട്ട ഉദ്യോഗസ്ഥർ വെരിഫിക്കേഷന് ഒരു കാരണവശാലും പങ്കെടുക്കാതിരിക്കാൻ വകുപ്പുമേധാവി ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരും ജാഗ്രത പുലർത്തേണ്ടതാണ്
3. സാമൂഹിക അകലം നിർബന്ധമായും പാലിക്കണം.
4. മാസ്ക് /കൈയ്യുറ എന്നിവ ശരിയായ രീതിയിൽ നിർബന്ധമായും ധരിക്കേണ്ടതാണ് .
5. ഉദ്യോഗസ്ഥർ അവർക്ക് അനുവദിച്ചിട്ടുള്ള തീയതിയിലും സമയത്തും നിയമനപരിശോധനയ്ക്ക് ഹാജരാകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .
6. ഏതെങ്കിലും തരത്തിലുള്ള ശാരീരിക അസ്വസ്ഥതകളുള്ളവർ നിയമനപരിശോധനയ്ക്ക് ഹാജരാകരുത്. അവർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ മറ്റൊരു തീയതി പിന്നീട് അനുവദിക്കുന്നതാണ് .
7. ഇവ കൂടാതെ ആ കാലയളവിൽ നിലവിലുള്ള Covid 19 മായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്ക് വിധേയമായിട്ടായിരിക്കും നിയമനപരിശോധന നടത്തുന്നത്.

**08.07.2019** -ലെ **GO(Ms) 133/2019/GAD** നമ്പർ ഉത്തരവ് പ്രകാരം നിയമന വെരിഫിക്കേഷന് ഹാജരാകുന്ന ഉദ്യോഗസ്ഥർ, സർട്ടിഫിക്കറ്റ് ഫീസിനത്തിൽ **210/-** രൂപ **"0051-PSC-800-State PSC-99-Other receipts"** എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. അസ്സൽ തിരിച്ചറിയൽ പത്രിക മുഖാന്തിരം നിയമനപരിശോധനയ്ക്ക് ഹാജരാകുന്നവർ മേൽ തുക ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചലാൻ നിയമന പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്. എന്നാൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് മുഖാന്തിരം നിയമന പരിശോധനയ്ക്ക് ഹാജരാകുന്നവർ മേൽ തുക ഉദ്യോഗസ്ഥരുടെ വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ സർവ്വീസ് വെരിഫിക്കേഷൻ ലിങ്ക് സന്ദർശിച്ച ശേഷം **e-payment** സംവിധാനത്തിലൂടെ മാത്രം ഒടുക്കേണ്ടതാണ്. ടി ഉദ്യോഗസ്ഥരുടെ ഫീസ് മാനുവൽ ചെലാൻ /**e-challan** പ്രകാരം സ്വീകരിക്കുന്നതല്ല.

വിശ്വസ്തതയോടെ,

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
സെക്രട്ടറിക്കുവേണ്ടി

**File No.AAVW11/8/2020-KPSC**

List of employees scheduled for Service Verification in **Women and Child Development Department**

| Scheduled on **13.12.2021** at **11:00 AM** | | | | |
|---|---|---|---|---|
| **Sl. No.** | **Name** | **Designation** | **Date of Birth** | **PCN** |
| 1 | JISHA K | ICDS Supervisor | 12.05.1982 | 200012507 |
| 2 | DILNA K M | ICDS Supervisor | 25.03.1984 | 200012086 |
| 3 | SAMEENA LATHEEF A | ICDS Supervisor | 12.08.1994 | 200011799 |
| 4 | REMYA P | ICDS Supervisor | 10.01.1987 | 210000192 |
| 5 | PRIYA P M | ICDS Supervisor | 23.02.1985 | 140060050 |
| 6 | DEVU V V | ICDS Supervisor | 05.08.1992 | 150043403 |
| 7 | GOWRISREE K V | ICDS Supervisor | 17.05.1994 | 200012376 |
| 8 | SABNA P | ICDS Supervisor | 18.01.1984 | 180018041 |
| 9 | RUFEELA T K | ICDS Supervisor | 01.10.1994 | 200012630 |
| 10 | HARITHA SURESH S | ICDS Supervisor | 25.05.1994 | 190021180 |
| 11 | SANGEETHA V S | ICDS Supervisor | 10.03.1979 | 200012223 |
| 12 | NASEEHA A S | ICDS Supervisor | 01.03.1988 | 160038180 |
| 13 | JOONA K C | ICDS Supervisor | 23.02.1990 | 200012218 |
| 14 | TRESA REMYA FRANCIS | ICDS Supervisor | 28.08.1986 | 200012613 |
| 15 | SOUMYA MOL U | ICDS Supervisor | 04.05.1987 | 200012083 |
| 16 | BIJI BALAKRISHNAN | ICDS Supervisor | 27.04.1984 | 200012431 |
| 17 | CHITHRA S B | ICDS Supervisor | 14.05.1987 | 210000096 |
| 18 | SHABINA K | ICDS Supervisor | 02.03.1990 | 200012132 |
| 19 | SUMAYYA KADAPRATH | ICDS Supervisor | 25.04.1986 | 200012247 |

The incumbents must login to their One-Time registration profile and pay the amount by ePayment by clicking the **Make Payment** button in the Service Verification page.
**Other modes of payment like e-Chalan or manual chalan etc. will not be accepted**

| | | | | |
|---|---|---|---|---|
| 20 | ATHIRA S | ICDS Supervisor | 23.05.1993 | 200012077 |
| 21 | JAMSHIDA BABY K | ICDS Supervisor | 12.03.1984 | 200012722 |
| 22 | ANUSREE M S | ICDS Supervisor | 31.05.1994 | 200012215 |
| 23 | DHANYA T S | ICDS Supervisor | 02.01.1985 | 190002215 |
| 24 | SAREENA P | ICDS Supervisor | 15.06.1992 | 200012107 |
| 25 | JEETHU K JOSEPH | ICDS Supervisor | 20.12.1987 | 200009452 |

For **Secretary**
Kerala Public Service Commission

The incumbents must login to their One-Time registration profile and pay the amount by ePayment by clicking the **Make Payment** button in the Service Verification page.
**Other modes of payment like e-Chalan or manual chalan etc. will not be accepted**